01/07/2020

# കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ

പ്രസിദ്ധികരണത്തിന്

## കളിമൺഉല്പന്ന നിർമ്മാണ തൊഴിലാളികളിൽ നിന്നും വായ്പാ അപേക്ഷകൾ ക്ഷണിക്കുന്നു

കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ കളിമൺഉല്പന്ന നിർമ്മാണം കുലത്തൊഴിലായി സ്വീകരിച്ചി ട്ടുള്ള സമുദായത്തിൽ ഉൾപ്പെട്ട വ്യക്തികൾക്ക് നിലവിലെ സംരംഭങ്ങളുടെ ആധുനികവൽക്കരണത്തിനും നൂതന സംരംഭങ്ങൾ ആരംഭിക്കുന്നതിനും വായ്പ നൽകുന്നു. വായ്പ തുക പരമാവധി 2 ലക്ഷം രൂപയും പലിശ നിരക്ക് 6%വും തിരിച്ചടവ് കാലാവധി 60 മാസവും ആയിരിക്കും. ജാമ്യ വ്യവസ്ഥകൾ ബാധകമാണ്.

അപേക്ഷകർ പരമ്പരാഗത കളിമൺഉല്പന്ന നിർമ്മാണ മേഖലയിൽ തൊഴിൽ ചെയ്യുന്നവരോ അവരുടെ ആശ്രിതരോ ആയിരിക്കണം. അപേക്ഷകരുടെ പ്രായപരിധി 18നും 55നും മദ്ധ്യേ. കുടുംബ വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ കവിയാൻ പാടില്ല.

പദ്ധതികളുടെ നിബന്ധനകൾ, അപേക്ഷാ ഫോറം, അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ എന്നിവ കോർപ്പറേഷന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട് (www.keralapottery.org). വായ്പാ അപേക്ഷ ഡൗൺലോഡ് ചെയ്ത് രേഖകൾ സഹിതം 31/07/2020 വൈകുന്നേരം 5 മണിക്കകം മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ, അയ്യങ്കാളി ഭവൻ, രണ്ടാം നില, കനക നഗർ, കവടിയാർ പി.ഒ., തിരുവനന്തപുരം-695003 എന്ന വിലാസത്തിൽ തപാൽ മുഖേനയോ, നേരിട്ടോ സമർപ്പിക്കേണ്ടതാണ്.

മാനേജിംഗ് ഡയറക്ടർ

Scanned with CamScanner